# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 3149/11/12/2023/ TVM**

പരാതികക്ഷി : എം.അമീനാ ബായ്,ഹൗസ് നമ്പർ 35
മോസ്ക് ലൈൻ കേശവദാസപുരം
പട്ടം,തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 09.05.2024**

പരാതികക്ഷി താമസിക്കുന്ന ഭാഗത്ത് കുടിവെള്ളം ലഭ്യമാകുന്നില്ലായെന്നും, കേരള വാട്ടർ അതോരിറ്റിയുടെ ജലവിതരണം സ്ഥിരമായി ദിവസങ്ങളോളം തടസ്സപ്പെടുന്നതായും, കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി സംഗതിയിൽ കേരള വാട്ടർ അതോരിറ്റി പോങ്ങുംമൂട് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷി താമസിക്കുന്ന മോസ്ക് ലൈൻ അതിരൂക്ഷമായ ജലക്ഷാമം നേരിടുന്ന പ്രദേശമാണെന്നും, മെയിൻ റോഡിൽ നിന്നും വളരെ ഉയർന്ന പ്രദേശത്താണ് ടി സ്ഥലവും കെട്ടിടവും സ്ഥിതി ചെയ്യുന്നതെന്നും, അതിരൂക്ഷമായ വേനൽക്കാലമായതിനാലും ജലദൗർലഭ്യം നേരിടുന്ന പ്രദേശമായതിനാലും ഒന്നിടവിട്ട ദിവസങ്ങളിൽ ജലവിതരണം മുടക്കം കൂടാതെ നൽകുന്നുണ്ടെന്നും, അടിക്കടി ജലവിതരണ കുഴലിൽ ഉണ്ടാകുന്ന പൊട്ടലും, ലീക്കുകളും അടിയന്തിരമായി പരിഹരിച്ചാണ് വരൾച്ചക്കാലത്ത് നിയന്ത്രിത അളവിലെങ്കിലും ജലവിതരണം നടത്താൻ സാധിക്കുന്നതെന്നും, മാത്രവുമല്ല ഉപഭോക്താക്കളുടെ കോമ്പൗണ്ടിലുള്ള സർവ്വീസ് ലൈനിൽ എലി, പെരുച്ചാഴി തുടങ്ങിയ ജീവികൾ കേടുപാടുകൾ വരുത്തുന്നത് സർവ്വീസ് ലൈനിൽ ലീക്കുകൾ ഉണ്ടാകുകയും അതുകാരണം പ്രധാന ജലവിതരണ കുഴലിലെ മർദ്ദം കുറയുകയും അതുമൂലവും ഉയർന്ന പ്രദേശങ്ങളിൽ ജല ദൗർലഭ്യം നേരിടാറുണ്ടെന്നും, കമ്മീഷൻെറ നോട്ടീസ് ലഭിച്ചതിനുശേഷം വിദഗ്ധരുടെ ടീം Leak detection ഉപകരണങ്ങൾ ഉൾപ്പെടെ ഉപയോഗിച്ച് നടത്തിയ പരിശോധനയിൽ ഒന്നിലധികം ഉപഭോക്താക്കളുടെ പുരയിടത്തിലും, മതിൽകെട്ടിൽ കൂടിയും ലീക്ക് കണ്ടെത്തുകയും യുദ്ധകാലാടിസ്ഥാനത്തിൽ അടിയന്തിരമായി അത് പരിഹരിക്കുകയും ചെയ്തതായും, ഇപ്പോൾ

മുമ്പുള്ളതിനെക്കാളും മെച്ചപ്പെട്ട നിലയിൽ ജലവിതരണം നടത്താൻ സാധിക്കുന്നതായും റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം മേലിലും തുടർപരിശോധനകൾ നടത്തി പരാതികക്ഷി താമസിക്കുന്ന പ്രദേശത്ത് ജല ലഭ്യത ഉറപ്പുവരുത്തേണ്ടതാണെന്ന് കേരള വാട്ടർ അതോറിറ്റി പോങ്ങുംമൂട് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് കേരള വാട്ടർ അതോറിറ്റി പോങ്ങുംമൂട് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ